**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

*സർക്കുലർ 13/2025*

## മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഓർമദിനം

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

താമരശ്ശേരി രൂപതയ്ക്ക് സുശക്തമായ അടിത്തറ പാകിയ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 31-ാം ചരമവാർഷികം ജൂൺ 11 ബുധനാഴ്ച ആചരിക്കുകയാണ്. നമ്മുടെ രൂപതയുടെ പ്രാരംഭ ഘട്ടത്തിൽ, എട്ട് വർഷക്കാലം ദീർഘ വീക്ഷണത്തോടെയും ഉൾക്കാഴ്ചയോടെയും രൂപതയെ നയിച്ച പിതാവ്, ബാലാരിഷ്ടതകൾ നിറഞ്ഞ അതിന്റെ ശൈശവദശയിൽ വിവിധ അജപാലനസംവിധാനങ്ങൾ രൂപപ്പെടുത്തുകയും വളർത്തുകയും ചെയ്തു. ലളിതമായ ജീവിതശൈലിയിലൂടെയും പ്രവാചക ധീരതയാർന്ന നിലപാടുകളിലൂടെയും അക്രൈസ്തവർ നിറഞ്ഞുനില്ക്കുന്ന പൊതുമണ്ഡലത്തിൽ സുവിശേഷത്തിന്റെ സജീവസാന്നിധ്യ മായിരുന്നു അദ്ദേഹം. താത്വികചിന്തയിലൂടെയും ശക്തമായ പ്രഭാഷണങ്ങളിലുടെയും ഏവരെയും ക്രിസ്തുവിലേക്ക് ആകർഷിക്കാൻ പിതാവിന് സാധിച്ചിരുന്നു. പരിമിതമായ സാഹചര്യങ്ങളും വിഭവങ്ങളും മാത്രം ഉണ്ടായിരുന്ന നമ്മുടെ രൂപതയ്ക്ക് വ്യക്തമായ ദിശാബോധവും അടിസ്ഥാനവും നല്കാൻ അക്ഷീണം യത്നിച്ച പിതാവ് കുടിയേറ്റ പ്രദേശങ്ങളോടൊപ്പം നഗരങ്ങളിലും ക്രൈസ്തവജീവിതം പരിപോഷിപ്പിക്കാൻ ഉതകുന്ന സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രാധാന്യം നല്കി. അങ്ങനെ, പള്ളിയും അനുബന്ധസാഹചര്യങ്ങളും ഏവർക്കും സംലഭ്യമാകുന്നതിന് കാലത്തിനുമുൻപേ സഞ്ചരിച്ച കർമ്മയോഗിയായ അജപാലകനായിരുന്നു മങ്കുഴിക്കരി പിതാവ്. രൂപതാ സ്ഥാപനത്തിന്റെ നാല്പതാം വത്സരത്തിലേക്ക് പ്രവേശിക്കുന്ന ഈ വർഷം, ഓർമദിനമായ ജൂൺ 11ന് അഭിവന്ദ്യ പിതാവിനെ പ്രത്യേകം കൃതജ്ഞതയോടെ അനുസ്മരിക്കുകയും, പിതാവ് വഴി രൂപതയ്ക്കും നമുക്കും ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവസന്നിധിയിൽ നന്ദിയർപ്പിക്കുകയും ചെയ്യാം.

ഓർമദിനത്തിൽ വിശുദ്ധ കുർബാനയും അനുസ്മരണ ശുശ്രൂഷകളും രാവിലെ 10.30ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ആരംഭിക്കുന്നതാണ്. അന്നേ ദിവസം സാധിക്കുന്ന വൈദികരും സന്യസ്തരും വിശ്വാസികളും അനുസ്മരണ ശുശ്രൂഷകളിൽ പങ്കുചേർന്ന് പ്രാർഥിക്കണമെന്ന് ഓർമിപ്പിക്കുന്നു. പങ്കെടുക്കുന്നവർക്കെല്ലാം ശ്രാദ്ധഭക്ഷണവും ക്രമീകരിച്ചിട്ടുണ്ട്.

നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ജൂൺ 11 നോ, അതിനടുത്ത ദിവസങ്ങളിലോ അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാനയും, ഒപ്പീസും കഴിയുന്നത്ര ദൈവജന പങ്കാളിത്തത്തോടെ നടത്താൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ രൂപതയെ പടുത്തുയർത്താൻ പ്രയത്നിച്ച സർവ്വരേയും ഈ റൂബി ജൂബിലി വർഷത്തിൽ നന്ദിയോടെ ഓർക്കുകയും ഒരു ദശാബ്ദം നമുക്ക് ധീരമായ നേതൃത്വം നല്കിയ ഏവർക്കും പ്രിയങ്കരനായിരുന്ന മങ്കുഴിക്കരി പിതാവിനെ, അദ്ദേഹത്തിന്റെ ഓർമദിനത്തിൽ ദൈവജനമൊന്നാകെ പ്രാർഥനയോടെ അനുസ്മരിക്കുകയും ചെയ്യുമല്ലോ.

അഭിവന്ദ്യ പിതാവിന്റെ ദീപ്ത സ്മരണകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, ദൈവസന്നിധിയിൽ പിതാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും,

**ഈശോയിൽ സ്നേഹപൂർവ്വം,**

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

*ഈ സർക്കുലർ 2025 ജൂൺ 8 ഞായറാഴ്ച ദിവ്യബലിമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com